## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസം ഇല്ലാതെ Shredded Plastic ഉപയോഗിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ(സാധാ)നം. 3119 /2016/തസ്വഭവ** **തീയതി, തിരുവനന്തപുരം : 17.11.2016.**

പരാമർശം :- (1) 20.04.2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം 2.3 നമ്പർ തീരുമാനം.

(2) 18.08.2016, 14.10.2016, 21.10.2016 തീയതികളിലെ ചീഫ് എഞ്ചിനിയറുടെ DB3/4620/12/CE/തസ്വഭവ നമ്പർ കത്തുകൾ.

(3) 07.09.2016- ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ ഇനം 3.12 നമ്പർ തീരുമാനം.

### <u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികളിൽ 10% റോഡിലെങ്കിലും 10% പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. സൈസ് വ്യത്യാസം ഇല്ലാതെ തന്നെ Shredded Plastic റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഈ വിഷയം പരിഗണിക്കുകയുണ്ടായി.

**2)** Shredded Plastic ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് IRC:SP:98-2013 പ്രകാരം ഹൈ ഡെൻസിറ്റി പോളിഎത്തിലീൻ (HDPE), ലോ ഡെൻസിറ്റി പോളിഎത്തിലീൻ (LDPE) തുടങ്ങിയ കാറ്റഗറിയിൽപ്പെടുന്നതും, 2.36 mm അരിപ്പയിൽ (Sieve) കൂടി കടന്നു പോകുന്നതും, എന്നാൽ 600 മൈക്രോൺ അരിപ്പയിൽ (Sieve) തങ്ങുന്നതുമായ Shredded Plastic ആണ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കേണ്ടത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ക്ലീൻ കേരള കമ്പനി ശേഖരിക്കുന്നത് 50 മൈക്രോണും അതിനു താഴെ കനം (thickness) വരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. സാങ്കേതികമായി 50 മൈക്രോണും അതിനു താഴെ കനം (thickness) വരുന്നതും, HDPE, LDPE എന്നീ കാറ്റഗറി പ്ലാസ്റ്റിക് ഇനത്തിൽ ഉൾപ്പെടുന്നതുമായി പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ഉല്പ്പാദിപ്പിക്കുന്ന Shredded Plastic ഉരുക്കി ഉപയോഗിച്ച് ടാറിംഗ് ചെയ്യുമ്പോൾ Shredded Plastic -ന്റെ chemical/physical സ്വഭാവത്തിൽ കാര്യമായ വ്യതിയാനം വരുന്നതല്ല. 600 മൈക്രോണിന് മുകളിലുള്ളതും 50 മൈക്രോണിനു താഴെയുള്ളതുമായ പ്ലാസ്റ്റിക്കുകൾ heat control ചെയ്ത് ഉരുക്കേണ്ടതാണ്. IRC specification പ്രകാരം 600 മൈക്രോണിന് മുകളിൽ വരുന്ന Shredded Plastic ഉപയോഗിക്കണമെന്ന ശുപാർശയും, നിലവിൽ ലഭ്യമായ 50 മൈക്രോണിനു താഴെ കനം (thickness) വരുന്ന പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ഉല്പ്പാദിപ്പിക്കുന്ന Shredded Plastic തമ്മിലുള്ള സൈസിൽ വരുന്ന വ്യത്യാസം ടാറിംഗ് പ്രവൃത്തിയുടെ നിലവാരത്തെ ബാധിക്കുന്നതല്ല.

**3)** മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 50 മൈക്രോണും അതിനു താഴെ കനം (thickness) വരുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും ഉല്പ്പാദിപ്പിക്കുന്ന Shredded Plastic ഉപയോഗിച്ച് ടാറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ടി പ്ലാസ്റ്റിക്കുകൾ ആവശ്യാനുസരണം ലഭ്യമാക്കാൻ വേണ്ട നടപടി ക്ലീൻ കേരള കമ്പനി എടുക്കേണ്ടതാണ്.

4) Shredded Plastic ക്ലീൻ കേരള കമ്പനി യിൽ നിന്നും ലഭിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ചുവടെ നൽകിയിരിക്കുന്ന നടപടികൾ പാലിക്കേണ്ടതാണ്.

1. Shredded Plastic -നുള്ള ഡിമാൻഡ് കഴിവതും 30 ദിവസത്തിന് മുമ്പായി ക്ലീൻ കേരള കമ്പനിയെ അറിയിക്കേണ്ടതാണ്.
2. Shredded Plastic-ന്റെ വിലയിനത്തിൽ കിലോഗ്രാമിന് 20 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിയിൽ അടയ്ക്കേണ്ടതാണ്.
3. Shredded Plastic അതാത് ജില്ലകളിലോ, തൊട്ടടുത്ത ജില്ലയിലെ സമീപ സ്ഥലത്തുള്ള Shredded Plastic യൂണിറ്റിലോ ക്ലീൻ കേരള കമ്പനി ലഭ്യമാക്കേണ്ടതാണ്.
4. Shredded യൂണിറ്റുകളിൽ നിന്നും Shredded ചെയ്ത Plastic ബന്ധപ്പെട്ട കരാറുകാരൻ മുഖേന നേരിട്ട് ശേഖരിക്കേണ്ടതും ടി ഇനത്തിൽ വരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജും കയറ്റിയിറക്ക കൂലിയും ടി കരാറുകാരൻ പ്രാരംഭത്തിൽ വഹിക്കേണ്ടതും പിന്നീട് വർക്ക് ബില്ലിൽ ടി തുക റീഇംബേഴ്സ് ചെയ്ത് നൽകേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ. മോഹനകുമാർ,**
ഗവ. ജോയിന്റ് സെക്രട്ടറി.

1.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2.ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
5.ഡയറക്ടർ, കില, തൃശ്ശൂർ.
6.എല്ലാ ജില്ലാ കളക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7.എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
8.എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9.എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
10.എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
11.എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
12.എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺ/സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
13.എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
14.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.
15.എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

<u>**പകർപ്പ്:**</u> തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**